# കൈത്തണ്ടയിൽ മൈക്രോചിപ്പ്: ചർച്ചകൾ സജീവമാകുന്നു




ചിപ്പുകൾ ഘടിപ്പിച്ച ഓരോ മനുഷ്യശരീരത്തിലെയും ഹൃദയമിടിപ്പ്, ഗ്ലൂക്കോസ്, ബ്ലഡ് പ്രഷർ, ബ്ലഡ്ഷുഗർ തുടങ്ങിയവയുടെ അതാതു സമയത്തെ തോതും രേഖപ്പെടുത്താനുള്ള കഴിവും ആർഎഫ്ഐഡി ചിപ്പുകൾക്കുണ്ട്.

ജിബി വർഗീസ് മീനടം

ന്യൂയോര്ക്ക്: വന്യമൃഗങ്ങളുടേയും സമുദ്രജീവജാലങ്ങളുടേയും സ്വഭാവസവിശേഷതകളും സഞ്ചാരരീതിയും പഠിക്കുന്നതിനും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ജീവജാലങ്ങളുടെ സംരക്ഷണത്തിനായും ജന്തുഗവേഷണ ശാസ്ത്രജ്ഞര് മൃഗങ്ങളുടേയും മറ്റ് ജീവജാലങ്ങളുടേയും ശരീരത്തില് വച്ച്പിടിപ്പിക്കാറുള്ള മൈക്രോചിപ്പിന് സമാനമായി മനുഷ്യശരീരത്തിലും ചിപ്പുകള് വച്ചുപിടിപ്പിക്കാന് പദ്ധതിയിടുന്നതായി റിപ്പോര്ട്ട്. റേഡിയോ ഫ്രീക്വന്സി ഐഡന്റിഫിക്കേഷന് അഥവാ ആര്എഫ്ഐഡി എന്ന ചുരുക്കപ്പേരില് അറിയപ്പെടുന്ന മൈക്രോചിപ്പുകളാണ് മനുഷ്യശരീരത്തിലും ഘടിപ്പിക്കാന് പദ്ധതിയിടുന്നത്.

കേവലം ഒരു നെല്മണിയുടെ വലിപ്പം മാത്രമുള്ള ആര്എഫ് ഐഡി ചിപ്പുകള് മനുഷ്യന്റെ കൈതണ്ടയിലെ തൊലിയില് വളരെ എളുപ്പം തുന്നിചേര്ക്കാനാകുമെന്നാണ് ശാസ്ത്രജ്ഞരുടെ വിലയിരുത്തല്. ഭൂകമ്പത്തിലും മറ്റ് പ്രകൃതിദുരന്തത്തിലും അപകടങ്ങളിലും അകപ്പെട്ട് കാണാതാകുന്നവരെ കണ് ടെത്താനുള്ള മാര്ഗമായും , കുറ്റകൃത്യങ്ങള് തടയുന്നതിനും ,കുറ്റവാളികളെ കണ്ടെത്തുന്നതിനും, തീവ്രവാദികള്, കള്ളകടത്തുകാര്, മോഷ്ടാക്കള്, മറ്റ് അനധികൃത കുടിയേറ്റക്കാര് തുടങ്ങിയവര് രാജ്യങ്ങളില് നുഴഞ്ഞുകയറുന്നത് തടയാനുമായുള്ള മാര്ഗമായാണ് ലോകത്തിലുള്ള ഓരോ വ്യക്തിയെയും തിരിച്ചറിയാന് പാകത്തിലുള്ള കോഡ് നമ്പര് അടങ്ങിയ ചിപ്പ് ശരീരത്തില് ഘടിപ്പിക്കുന്നതെന്നാണ് ഇതിനു പിന്നില് പ്രവര്ത്തിക്കുന്നവരുടെ വാദം.

ലോകത്തിലെ പ്രമുഖ രാജ്യങ്ങളിലെ പ്രതിരോധ, രഹസ്യാന്വേഷണ വിഭാഗത്തിലെ ചില ഉന്നത സര്ക്കാര് ഉദ്യോഗസ്ഥരുടെ കൈത്തണ്ടയില് ആര്എഫ്ഐഡി ചിപ്പുകള് ഇതിനോടകം തുന്നിചേര്ത്തതായാണ് റിപ്പോര്ട്ടുകള് സൂചിപ്പിക്കുന്നത്. രഹസ്യസ്വഭാവമുള്ള വകുപ്പുകളില് ജോലി ചെയ്യുന്ന വ്യക്തികളെ നിരീക്ഷിക്കുന്നതിനും , അതീവരഹസ്യമായുള്ള ഓഫീസുകളിലെ മുറികളിലും മറ്റും ഈക്കുട്ടര്ക്ക് പ്രവേശിക്കുന്നതിനുമായാണ് വ്യത്യസ്തകോഡ് നമ്പറുകള് അടങ്ങിയ മൈക്രോചിപ്പുകള് ഇവരില് വച്ചുപിടിപ്പിച്ചിരിക്കുന്നത്.

മനുഷ്യശരീരിത്തില് ആര്എഫ്ഐഡി ചിപ്പുകള് തുന്നിചേര്ക്കുന്നതോടെ ഇന്ന് ലോകത്തില് നിലവിലുള്ള എല്ലാ തിരിച്ചറിയല് രേഖകളും ആവശ്യമില്ലാതാകുമെന്നാണ് ഇതിന്റെ പിന്നില് പ്രവര്ത്തിക്കുന്നവരുടെ പക്ഷം. ചിപ്പുകള് കൈതണ്ടയിലുള്ള ഓരോ വ്യക്തിയുടേയും കോഡ് നമ്പര് പരിശോധിച്ചാല് ആ വ്യക്തിയെ പറ്റിയുള്ള സര്വവിവരങ്ങളും

അറിയാനാകുമെന്നതാണ് വസ്തുത. ബാങ്കിംഗ് മേഖലയിലെ വിവിധതരം ഉപയോഗങ്ങള്, സുരക്ഷാകാരണങ്ങളാല് ബാര്കോഡുകള് ഉപയോഗിച്ച് മാത്രം തുറക്കുവാനും അടയ്ക്കുവാനും പാകത്തില് ആധുനിക രീതിയില് നിര്മിച്ചിരിക്കുന്ന, ഓഫീസ് സ്ഥാപനങ്ങളുടേയും , വീടുകളുടേയും കതകുകള് തുറക്കുന്നതിനും അടയ്ക്കുന്നതും അടക്കം സ്വന്തം വാഹനങ്ങള് ഉപയോഗിക്കുന്നതിനു വരെ ഓരോരുത്തര്ക്കും ആര്എഫ്ഐഡി ചിപ്പുകള് വേണമെന്ന സ്ഥിതി വിദൂരമല്ല.

വ്യക്തികളെ മാത്രമല്ല രഹസ്യസ്വഭാവമുള്ള പ്രമാണങ്ങള്, സാധനസാമഗ്രികള്, വാഹനങ്ങള് തുടങ്ങി ജീവിതത്തിന്റെ നാനാതുറകളില് പെട്ട വസ്തുകളിലും ചിപ്പുകള് വച്ചുപിടിപ്പിക്കാനാവും. ഇതുമൂലം മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടേയും മറ്റ് വസ്തുകളുടേയും സ്ഥാനം , സഞ്ചാരം, തുടങ്ങിയകാര്യങ്ങള് കണ്ടുപിടിക്കുന്നതിനും നിമിഷനേരമെ വേണ്ടു. കൂടാതെ ചിപ്പുകള് ഘടിപ്പിച്ച ഓരോ മനുഷ്യശരീരത്തിലെയും ഹൃദയമിടിപ്പ്, ഗ്ലൂക്കോസ്, ബ്ലഡ് പ്രഷര്, ബ്ലഡ്ഷുഗര് തുടങ്ങിയവയുടെ അതാതു സമയത്തെ തോതും രേഖപ്പെടുത്താനുള്ള കഴിവും ആര്എഫ്ഐഡി ചിപ്പുകള്ക്കുണ്ട്. ആര്എഫ്ആഐഡി ചിപ്പുകളെ നിരീക്ഷിക്കുന്നതിനുള്ള ഉപകരണമായ ആര്ഏഫ്ഐഡി റീഡറില് നിരീക്ഷണം ആവശ്യമായ ആളിന്റെയോ വസ്തുവിന്റെയോ ചിപ്പ് കോഡ് നല്കിയാല് അടുത്തനിമിഷം സര്വവിവരങ്ങളും ലഭിക്കുവാന് കഴിയുന്ന സാങ്കേതികവിദ്യയാണ് വികസിപ്പിച്ചിരിക്കുന്നത്.

പോസിറ്റിവ് ഐഡി, ഐബിഎം, ഡാറ്റാകീ, മൈക്രോചിപ്പ്, വെരിചിപ്പ് തുടങ്ങിയ ഇലക്ട്രോണിക് സാങ്കേതികവിദ്യ നിര്മാണകമ്പനികളാണ് ആര്എഫ്ഐഡി ചിപ്പുകളുടെ നിര്മാണത്തിന് പിന്നിലും പ്രവര്ത്തിക്കുന്നത്.

ആരോഗ്യശാസ്ത്രഗവേഷണരംഗത്ത് ഇതിനോടകം മേല് പറഞ്ഞ കമ്പനികള് പുറത്തിറക്കിയ മൈക്രോചിപ്പുകള് പരീക്ഷിച്ച് വിജയം കണ്ടെതായാണ് റിപ്പോര്ട്ട്.

മനുഷ്യശരീരത്തില് മൈക്രോചിപ്പുകള് ഘടിപ്പിക്കാനുള്ള പദ്ധതിയെ എതിര്ത്ത് നിരവധി മനുഷ്യവകാശസംഘടനകളും രംഗത്തെത്തിയിട്ടുണ്ട്. പ്രമുഖ സ്ഥാപനങ്ങളിലും മറ്റ് സുരക്ഷയ്ക്കായി സ്ഥാപിച്ചിട്ടുള്ള ക്ലോസ്ഡ് സര്ക്യൂട്ട് ക്യാമറകള്ക്ക് തുല്യമായി മനുഷ്യജീവിതങ്ങളില് ചിപ്പ് ഘടിപ്പിച്ച് 24 മണിക്കൂറും നിരീക്ഷിക്കുന്നത് വ്യക്തിസ്വാതന്ത്ര്യം ഹനിക്കുന്ന നടപടിയാണെന്നും ഗുരുതരമായ മനുഷ്യവകാശലംഘനമാണെന്നുമാണ് ചിപ്പിനെ എതിര്ക്കുന്നവരുടെ പ്രധാന ആരോപണം.

ബ്രിട്ടണില് അടുത്തിടെ വരെ ഭരണം നടത്തിയ ലേബര് പാര്ട്ടി നടപ്പിലാക്കാനിരുന്ന നാഷണല് യുണീക്ക് ബയോമെട്രിക്ക് ഐഡി കാര്ഡ് സിസ്റ്റം ആര്എഫ്ഐഡിയുടെ ഒരു വകഭേദമായിരുന്നതായി ആക്ഷേപമുയര്ന്നിരുന്നു. രാജ്യത്ത് പുതുതായി അധികാരമേറ്റ ഡേവിഡ് കാമറൂണ് സര്ക്കാര് വിവിധ മനുഷ്യവകാശ സംഘടനകളുടെ ആവശ്യത്ത തുടര്ന്ന് ലേബര്പാര്ട്ടിയുടെ ആശയമായ ബയോമെട്രിക്ക് ഐഡി കാര്ഡ് സിസ്റ്റം നടപ്പിലാക്കില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

ബയോമെട്രിക്ക് ഐഡികാര്ഡ് സിസ്റ്റം തത്കാലം നടപ്പാക്കില്ലെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറൂണ് വാക്ക് പറഞ്ഞെങ്കിലും ബ്രിട്ടണ് അടക്കമുള്ള ലോകരാജ്യങ്ങളിലെ എല്ലാമേഖലയിലും ദിനംതോറും വര്ധിച്ചുവരുന്ന സുരക്ഷാഭീഷണിയും , പ്രകൃതിദുരന്തങ്ങളും ആധുനികസാങ്കേതികവിദ്യയുടെ വളര്ച്ചയും മറ്റ് ആവശ്യങ്ങളും കണക്കിലെടുത്ത് ഭാവിയില് ആര്എഫ്ഐഡി മൈക്രോചിപ്പുകളോ അതിന് തുല്യമായ മറ്റെന്തെങ്കിലുമോ ഓരോവ്യക്തികളുടെയും ശരീരത്തില് ഘടപ്പിക്കുമെന്നതിന് സംശയം വേണ്ടന്നാണ് വിദഗ്ധരുടെ അഭിപ്രായം . ഈ

സാങ്കേതികവിദ്യ പ്രാവര്ത്തികമായാല് ആര്ക്കെങ്കിലും തങ്ങളുടെ ഉറ്റവരെ കുറിച്ചുള്ള വിവരങ്ങളും അവരുടെ നിലവിലെ സ്ഥാനം എന്നിവ എപ്പോഴെങ്കിലും അറിയണമെങ്കില് ആ വ്യക്തിയുടെ മൈക്രോചിപ്പ് കോഡ് നമ്പര് ഗുഗിള് ചെയ്താല് മതിയാകുമെത്രെ. മാത്രമല്ല ഈ മൈക്രോചിപ്പുകള് കൂടാതെ സമൂഹത്തില് ജീവിക്കാനാവാത്ത അവസ്ഥയും സംജാതമാകുമെന്നതിനും രണ്ടുപക്ഷ മില്ല.